**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 656** — **08.08.2017 - ൽ മറുപടിക്ക്**

## തൃശ്ശൂർ സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിലെ അതിക്രമം

| | ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | 2017 ഏപ്രിൽ 17-ന് രാത്രി തൃശ്ശൂർ കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ അതിക്രമിച്ച് കയറി ഫയലുകളും രേഖകളും നശിപ്പിക്കാൻ ശ്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് കുറ്റക്കാരെ കണ്ടെത്തുന്നതിനായി സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | തൃശ്ശൂർ സിവിൽ സ്റ്റേഷൻ ഒന്നാം നിലയിൽ 36-ാം നമ്പർ മുറിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ 17.04.2017-ന് രാത്രി 11.30-ന് ജീവനക്കാർ ഉണ്ടായിരുന്നു എന്ന പത്ര വാർത്ത സംബന്ധിച്ച് സി.സി.ടി.വി. ദൃശ്യങ്ങൾ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് മാധ്യമങ്ങളും ഉപോത്ബലകമായ തെളിവുകളും പരിശോധിക്കുന്നതിനും ആവശ്യമായ അന്വേഷണ നടപടികൾ സ്വീകരിക്കുന്നതിനുമായി തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) 18.04.2017 തീയതിയിലെ ഇ.2916/17 നമ്പർ ആയി പരാതി തൃശ്ശൂർ ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, സർക്കിൾ ഇൻസ്പെക്ടർ വെസ്റ്റ് പോലീസ് സ്റ്റേഷൻ, സബ് ഇൻസ്പെക്ടർ വെസ്റ്റ് പോലീസ് സ്റ്റേഷൻ എന്നിവർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 578/17 ആയി രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ | (ബി) | രാജീവ് കല്ലുവെട്ടിപ്പറമ്പിൽ വീട്, കുറ്റിച്ചിറ എന്ന ആളുടെ മൊഴി പ്രകാരം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ സി.ആർ.578/17 യു/എസ് 143, 147, 448, 417, 149 ഐ.പി.സി |

| | | | |
|---|---|---|---|
| | പുരോഗതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ? | : | പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും 8 പ്രതികൾക്കെതിരെ കുറ്റപത്രം തയ്യാറാക്കി ബഹുമാനപ്പെട്ട കോടതിയ്ക്ക് സമർപ്പിച്ചിട്ടുള്ളതുമാണ് എന്ന് സബ് ഇൻസ്പെക്ടർ വെസ്റ്റ് പോലീസ് സ്റ്റേഷൻ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**